# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1221 10.08.2017 -ലെ മറുപടിയ്ക്ക്

## മലയാള സർവകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലയാള സർവകലാശാലയിൽ ഇപ്പോൾ എത്ര സ്ഥിര ജീവനക്കാരാണുള്ളത് ; ഇതിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ 40 അദ്ധ്യാപക തസ്തികകകളാണ് സൃഷ്ടിച്ചിട്ടുള്ളത്. 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല നിയമത്തിലെ 39-ാം വകുപ്പ് പ്രകാരം അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല. മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടില്ല. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | പി.എസ്.സി വഴിയല്ലാതെ നിയമനം നടത്തിയ തസ്തികകൾ ഏതൊക്കെയാണ്; ഈ തസ്തികകളിലേക്കുള്ള നിയമനം എന്തുകൊണ്ടാണ് പി.എസ്.സി മുഖാന്തിരം നടത്താത്തത്; വിശദീകരിക്കാമോ ? | (ബി) | 07.05.2013 ജി.ഒ എം.എസ്. 125/2013/ഉ.വി.വ ഉത്തരവ് മുഖേന 9 തസ്തികകകളിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. 2013 ആഗസ്റ്റിൽ ഒന്നാം ഘട്ട ഇടക്കാല മന്ദിരം നിർമ്മാണം പൂർത്തിയാവുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ, പൊതുസഭയുടേയും നിർവാഹകസമിതിയുടേയും അനുവാദത്തോടെ ഓഫീസ്, ലൈബ്രറി, സെക്യൂരിറ്റി, ഹോസ്റ്റൽ കാമ്പസ് ശുചീകരണം, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ അനിവാര്യമായ 78 ജീവനക്കാരെ താൽകാലികമായി നിയോഗിച്ചിട്ടുണ്ട്. ഇതിൽ 31 പേർ ദിവസ വേതനത്തിലും 47 പേർ |

കരാർ അടിസ്ഥാനത്തിലുമാണ്. ടി ജീവനക്കാരുടെ പട്ടിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ശുചീകരണ വിഭാഗം | 9 |
| ഹോസ്റ്റൽ (കുക്ക്, വാർഡൻ, ഹോസ്റ്റൽ ശുചീകരണം) | 18 |
| സെക്യൂരിറ്റി | 17 |
| ഭരണ വിഭാഗം (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഫിനാൻസ് കൺസൾട്ടന്റ്, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഓഫീസ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ) | 20 |
| പരീക്ഷ വിഭാഗം | 3 |
| ലൈബ്രറി വിഭാഗം | 7 |
| മീഡിയ, പ്രസിദ്ധീകരണ വിഭാഗം | 4 |
| **ആകെ** | 78 |

തസ്തികകൾ സൃഷ്ടിച്ചതിന് ശേഷം മാത്രമേ സ്ഥിരനിയമനം നടത്തുവാനാകൂ.

**സെക്ഷൻ ഓഫീസർ**